(ബി & സി) ഇതുമായി ബന്ധപ്പെട്ട പഠനം ആരോഗ്യ വകുപ്പ് നടത്തിയിട്ടില്ല. പ്രാഥമിക സർവ്വേയിൽ എൻഡോസൾഫാൻ ബാധിതരെന്ന് സംശയിക്കുന്നതും അംഗവൈകല്യമുള്ളതുമായ 189 പേരെ കണ്ടെത്തിയിട്ടുണ്ട്. (ചോദ്യം ഒന്നിന്റെ ഉത്തരത്തിൽ പറഞ്ഞ 188 പേരും പുതുനഗരത്തിൽ നിന്ന് റിപ്പോർട്ട് ചെയ്ത ഒരാളുമുൾപ്പെടെ 189) തൃശ്ശൂർ മെഡിക്കൽ കോളേജിലെ വിദഗ്ദ്ധർ നടത്തിയ ക്യാമ്പിൽ 29 പേരെ എൻഡോസൾഫാൻ ദുരിതബാധിതരെന്ന് സംശയിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ സ്ഥിരീകരണത്തിന് കൂടുതൽ പഠനങ്ങൾ ആവശ്യമാണ്. ദുരിതബാധിതർ എന്ന് സ്ഥിരീകരിക്കുന്നവർക്കുള്ള പാക്കേജ് സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

(ഡി) കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 19-11-2010 പി.സി.ബി/എൽ/1541/2001-ാം നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം ഹെൽത്ത് മിഷനും സഹകരിക്കുന്നുണ്ട്. സ്കൂൾ ഹെൽത്ത് നഴ്സുമാരുടെ സഹകരണം, ആരോഗ്യ പ്രവർത്തകരുടെ സഹകരണം, എന്നിവ ആരോഗ്യ വകുപ്പിൽ നിന്നും നൽകിവരുന്നു. എൻഡോസൾഫാന്റെ ഉപയോഗം നിരോധിക്കുകയും ആയതുമായി ബന്ധപ്പെട്ട് പത്രക്കുറിപ്പ് ഇറക്കുകയും ചെയ്തിട്ടുണ്ട്.

കീടനാശിനി വിമുക്തമായ പച്ചക്കറികൾ

58 (765) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽനിന്ന് എത്തുന്ന പച്ചക്കറികളിൽ മാരകവിഷം വൻതോതിൽ ഉപയോഗിച്ചിട്ടുണ്ട് എന്ന പത്രവാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) ക്യാൻസർ ഉൾപ്പടെയുള്ള മാരക രോഗങ്ങൾക്ക് ഇടയാക്കുന്ന ഇത്തരം വിഷം നിറഞ്ഞ പച്ചക്കറികൾ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത്;

(സി) കീടനാശിനി വിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ;

(ഡി) എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഫുഡ് സേഫ്റ്റി ഓഫീസ് സ്ഥാപിച്ച് ഭക്ഷ്യസുരക്ഷാ നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കീടനാശിനികൾ കലർന്ന പച്ചക്കറികൾ പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ലാബുകളിൽ സംവിധാനങ്ങളില്ല. അതിനാൽ ഇത്തരം പച്ചക്കറികൾ കടകമ്പോളങ്ങളിൽ നിന്നും, ചെക്ക് പോസ്റ്റുകളിൽ നിന്നും ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ശേഖരിച്ച്, തിരുവനന്തപുരത്ത് കാർഷിക സർവകലാശാലയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റസിഡ്യു ലാബിലയച്ച് പരിശോധന നടത്തിവരുന്നു.

(സി) കീടനാശിനി വിമുക്തമായ പച്ചക്കറികൾ സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി. താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇവിടെ നിന്നും ലഭിക്കുന്ന പരിശോധന ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്കുപോസ്റ്റുകളിൽക്കൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം വിൽപന നികുതി വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കും. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേൻഡ്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുടെ യോഗം ചേർന്ന് പ്രശ്നം ചർച്ച ചെയ്യുന്നതാണ്.

(ഡി) എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഫുഡ് സേഫ്റ്റി ഓഫീസ് സ്ഥാപിച്ച് ഭക്ഷ്യസുരക്ഷാ നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.